**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **160** — **06.02.2019**- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം

ചോദ്യം — മറുപടി

ശ്രീ.സി.കൃഷ്ണൻ
ശ്രീ.എം.രാജഗോപാലൻ
ശ്രീ.പുരുഷൻ കടലുണ്ടി
പ്രൊഫ.കെ.യു.അരുണൻ.

പിണറായി വിജയൻ
(മുഖ്യമന്ത്രി.)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത-ബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത ധനസഹായം നൽകിക്കഴിഞ്ഞോ; ദുരിതബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി പ്രഖ്യാപിച്ച പുനരധിവാസ ഗ്രാമം (റീഹാബിലിറ്റേഷൻ വില്ലേജ്) സ്ഥാപിക്കാനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ; | (എ) | എൻഡോസൾഫാൻ ദുരിത-ബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത ധനസഹായം പൂർണ്ണമായി നൽകി കഴിഞ്ഞിട്ടില്ല. ജീവിച്ചിരിക്കുന്നവർക്ക് പൂർണ്ണമായും കൊടുത്തു തീർക്കുകയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് നൽകി കൊണ്ടിരിക്കുകയും ചെയ്യുന്നു.<br>25 കോടി രൂപ മുതൽ മുടക്കിൽ കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോഴിക്കോട് |

| | | | |
|---|---|---|---|
| | | | ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏല്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാലുവർഷം കൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ആദ്യവർഷ ചെലവുകൾക്കായി 5 കോടി രൂപ ചെലവഴിക്കുന്നതിന് കാസർഗോഡ് കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തുന്നതിനും യാത്രാ സൗകര്യം ഒരുക്കുന്നതിനും കടബാധ്യതകൾ എഴുതിത്തള്ളു-ന്നതിനും സ്വീകരിച്ചനടപടികൾ എന്തെല്ലാമാണ്; | (ബി) | എൻഡോസൾഫാൻ ദുരിത-ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്കും ചികിത്സാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും സൗജന്യ ചികിത്സ നൽകി വരുന്നു. യാത്രാ സൗകര്യത്തിനായി 11 പഞ്ചായത്തു-കളിലായി 9 ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000/- രൂപ വരെയുള്ള 1083 കടബാധ്യതകൾ എഴുതി തള്ളുന്നതിനായി 2,17,38,655/- രൂപ അനുവദിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ 50,000/- രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടം |

| | | | |
|---|---|---|---|
| | | | എഴുതി തള്ളുന്നതിന് 4,39,41,274/- രൂപ അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |
| (സി) | മനുഷ്യാവകാശ കമ്മീഷന്റെയും സുപ്രീംകോടതിയുടെയും നിർദ്ദേശാനു-സരണം കീടനാശിനി നിർമ്മാതാ-ക്കളും കേന്ദ്ര സർക്കാരും നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസത്തിനുമായി സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇതു നേടിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; കീടനാശിനി നിർമ്മാതാക്കൾ-ക്കെതിരെ നിയമ നടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇല്ല. കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാരിനു വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി, തിരുവനന്തപുരം സബ് കോടതി III-ൽ 15 കീടനാശിനി കമ്പനികൾക്കെതിരെ OS.2/2019 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രധാനമന്ത്രിയോട് കേന്ദ്രസഹായം ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**